# കേരള കാർഷിക സർവകലാശാല
## പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്
**കാസറഗോഡ്-671310, 0467 226632, rarspil@kau.in**


**നം.ബി2-2977/2024** **തീയതി: 08.01.2026**

## പുനർദർഘാസ് പരസ്യം

പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലെ AICRP Cashew പ്രൊജക്ടിനു കീഴിലേക്കും KDP പ്രൊജക്ടിനു കീഴിലേക്കും വിവിധ ജോലികൾ ചെയ്യുന്നതിനായി താത്പര്യമുള്ള വ്യക്തികളിൽ നിന്നും സീൽ ചെയ്ത ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | |
|---|---|
| ദർഘാസ് പരസ്യ നമ്പർ | **ബി2-2977/2024** |
| ദർഘാസ് സ്വീകരിക്കുന്നതിനുള്ള അവസാന തീയ്യതി | **15.01.2026 ഉച്ചയ്ക്ക് 3.00 മണി** |
| ദർഘാസ് തുറക്കുന്ന തീയതി | **15.01.2026 ഉച്ചയ്ക്ക് 3.30 മണി** |
| ദർഘാസ് കാലാവധി | **1 വർഷം** |
| ദർഘാസ് സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽ വിലാസവും | **അസോസിയേറ്റ് ഡയറക്ടർ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട്** |
| നിരത ദ്രവ്യം | **1000/- രൂപ** |
| ദർഘാസ് അടക്കം ചെയ്ത കവറിനു പുറത്ത് രേഖപ്പെടുത്തേണ്ടത്. | **കരാറടിസ്ഥാനത്തിൽ തൊഴിലാളികളെ നിയോഗിക്കുന്നതിനുള്ള ദർഘാസ്** |

**AICRP Cashew** പ്രൊജക്ടിനു കീഴിലേക്ക് **4 പുരുഷ തൊഴിലാളികളെയും 2 സ്ത്രീ തൊഴിലാളികളെയും, KDP** പ്രൊജക്ടിനു കീഴിലേക്ക് **3 പുരുഷ തൊഴിലാളികളെയും 2 സ്ത്രീ തൊഴിലാളികളെയുമാണ് ആവശ്യമുള്ളത്. ഒരു പുരുഷ തൊഴിലാളിയുടെയും ഒരു സ്ത്രീ തൊഴിലാളിയുടെയും ഒരു മണിക്കൂറിനുള്ള നിരക്ക്** എത്രയെന്ന് രേഖപ്പെടുത്തിയ ദർഘാസ്, പുറത്തെഴുത്ത് രേഖപ്പെടുത്തി **15.01.2026 –ന് 3 മണിവരെ** ഈ ഓഫീസിൽ സ്വീകരിക്കുന്നതാണ്. അന്നേ ദിവസം **3.30** മണിക്കുതന്നെ ഹാജരുള്ള കരാറുകാരുടെ മുന്നിൽ വെച്ച് ദർഘാസ് കവറുകൾ തുറക്കുന്നതാണ്. വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| പ്രൊജക്ട് | പുരുഷ തൊഴിലാളികളുടെ എണ്ണം | സ്ത്രീ തൊഴിലാളികളുടെ എണ്ണം |
|---|---|---|
| AICRP Cashew | 4 | 2 |
| KDP | 3 | 2 |

**നിബന്ധനകൾ:**

1. മേൽ പരാമർശിച്ച ജോലി കൂടാതെ ഫാമിലെ ഉദ്യോഗസ്ഥർ നിഷ്കർഷിക്കുന്ന മറ്റ് ജോലികൾ കൂടി ചെയ്തു തീർക്കാൻ കരാറുകാരനും തൊഴിലാളികളും ബാധ്യസ്ഥരായിരിക്കും.
2. ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ദർഘാസ് ന്യായ യുക്തമെന്ന് ബോധ്യപ്പെടുന്ന പക്ഷം സ്വീകരിക്കുന്നതായിരിക്കും. ഓർഡർ കൈപ്പറ്റി 7 ദിവസത്തിനകം കരാറുകാരൻ ജോലി ആരംഭിക്കേണ്ടതാണ്.
3. ഒരു മാസം പരമാവധി 25 ദിവസം മാത്രമേ ജോലിക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

4. ജോലിക്ക് നിയോഗിക്കപ്പെടുന്ന തൊഴിലാളികളുടെ നിയമപ്രകാരമുള്ള പരിരക്ഷ, അവകാശങ്ങൾ, മറ്റു നിയമ വ്യവസ്ഥകൾ മുതലായവ പാലിക്കാനുള്ള പൂർണ്ണ ഉത്തരവാദിത്തം കരാറുകരന്റേത് ആയിരിക്കും. ജോലിക്കിടയിൽ തൊഴിലാളികൾക്ക് ഉണ്ടാകാവുന്ന അപകടങ്ങൾക്ക് കരാറുകാരൻ മാത്രമായിരിക്കും ഉത്തരവാദി.
5. കരാറുകാരനോ തൊഴിലാളികൾക്കോ ഈ കരാറിന്റെ അടിസ്ഥാനത്തിൽ കേരള കാർഷിക സർവകലാശാലയിലോ, ഈ കേന്ദ്രത്തിലോ സ്ഥിരനിയമനത്തിന് യാതൊരുവിധ അർഹതയും ഉണ്ടായിരിക്കുന്നതല്ല.
6. ദർഘാസ് സ്വീകരിക്കുന്നതിനോ കാരണം കാണിക്കാതെ തള്ളിക്കളയുന്നതിനോ ഉള്ള പൂർണ്ണ അധികാരം അസോസിയേറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. സർക്കാർ ദർഘാസിന്റെ പ്രസക്തമായ എല്ലാ നിയമങ്ങളും ഇതിനും ബാധകമാണ്.
7. കേന്ദ്രത്തിലെ ഉദ്യോഗസ്ഥർ നിർദേശിക്കുന്നത് പ്രകാരം ജോലി ചെയ്തതിനുശേഷം ആയതിനുള്ള ബിൽ ഹാജരാക്കിയാൽ തുക ചെക്ക്/ബാങ്ക് അക്കൗണ്ട് മുഖേന അനുവദിക്കുന്നതായിരിക്കും. തൃപ്തികരമായി ജോലി ചെയ്യുന്ന പക്ഷം മാത്രമേ തുക അനുവദിക്കുകയുള്ളൂ.
8. ഈ കരാറിന്റെ കാലാവധി 1 വർഷം ആയിരിക്കും
9. ദർഘാസ് സ്വീകരിക്കുന്ന അവസാന ദിവസം ഏതെങ്കിലും കാരണവശാൽ അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.
10. ആവശ്യം വന്നാൽ മുൻകൂർ നോട്ടീസില്ലാതെ തന്നെ കരാർ അവസാനിപ്പിക്കുന്നതിനുള്ള അവകാശം കേന്ദ്രം മേധാവിയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ : 04672260632.

ഒപ്പ്/-
ഡോ.വനജ.ടി
അസോസിയേറ്റ് ഡയറക്ടർ

പകർപ്പ്:
1. ഡോ.സുമേഷ്.കെ.വി, അസിസ്റ്റന്റ് പ്രൊഫസർ & ഫാം i/c.
2. ശ്രീമതി.ഗീത.എം, ഫാം സൂപ്രണ്ട്.
3. പഞ്ചായത്ത് ഓഫീസ് പിലിക്കോട്/ചെറുവത്തൂർ, നീലേശ്വരം മുനിസിപ്പാലിറ്റി.
4. നോട്ടീസ് ബോർഡ്, ഓഫീസ്/ഫാം.
5. വാട്ട്സ് ആപ്പ് ഗ്രൂപ്പ്.

// അംഗീകാരത്തോടെ//

സെക്ഷൻ ഓഫീസർ